**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2774** | **03-08-2021 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ ആരംഭിക്കുന്ന ഫാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി 50 കോടി രൂപയുടെ പ്രൊപ്പോസൽ കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി) സമർപ്പിച്ചിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും തുക കണ്ടെത്തി ക്കൊണ്ട് ഘട്ടങ്ങളായി നടപ്പിലാക്കാനുള്ളതാണ് ടി പദ്ധതി. ഇതിന്റെ ആദ്യ ഘട്ടത്തിൽ 13.53 കോടി രൂപ (ആർ.കെ.ഐ-10 കോടി, ആർ.കെ.വി.വൈ - 3.53 കോടി) അനുവദിച്ചിട്ടുണ്ട്. ഇതിൽ ആർ.കെ.വി.വൈ യുടെ 1.18 കോടി രൂപയുടെ വർക്കുകൾ സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുമ്പോൾ, ബാക്കി 12.35 കോടി രൂപയുടെ വർക്കുകൾ ആണ് കെ.എൽ.ഡി.സി നിർവ്വഹിയ്ക്കുന്നത്. പരിശീലന കേന്ദ്രം, ഗസ്റ്റ് ഹൗസ്, ചെറുകിട സംസ്കരണ യൂണിറ്റുകൾ, ചെക്ക് ഡാം, ഹൈടെക് പോളി ഹൗസ്, ഗ്രീൻ ഹൗസ് , ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം എന്നിവയുടെ പ്രവർത്തികൾ പുരോഗമിയ്ക്കുന്നു. കൂടാതെ മത്സ്യ കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, വില്പന ഗാലറികൾ എന്നിവയുടെ വർക്കുകൾ പുരോഗമിക്കുന്നു. കൃത്യത കൃഷി സംവിധാനം സ്ഥാപിക്കൽ, ഹൈ ഡെൻസിറ്റി പഴത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ വർക്കുകൾ ആരംഭിച്ചു. |
| (ബി) | നേര്യമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനു വേണ്ടി കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ അൻപത് കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്റ്റിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കെ.എൽ.ഡി.സി തയ്യാറാക്കിയ 50 കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്റ്റിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക 13.53 കോടി രൂപയാണ് (ആർ.കെ.ഐ-10കോടി, ആർ.കെ.വി.വൈ – 3.53 കോടി). ആർ.കെ.വി.വൈ ഫണ്ടിൽ1.18 കോടിയുടെ പ്രവർത്തനങ്ങൾ സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കേണ്ടവയാണ്. പമ്പ് ഹൗസ്, കന്നുകാലി |

| | | | |
|---|---|---|---|
| | | | ഷെഡുകൾ, ഗ്രൗണ്ട് വാട്ടർ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം, വിവിധ യന്ത്രങ്ങൾ വാങ്ങൽ എന്നിവ പൂർത്തീകരിച്ചു കഴിഞ്ഞു . കെ.എൽ.ഡി.സിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് സ്കീമിൽ (ആർ.കെ.ഐ) ഉൾപ്പെടുത്തി 06/02/2020 ലെ സ.ഉ.(സാധാ)നം.75/2020/പി&ഇഎ സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സിയ്ക്ക് ലഭിച്ചു. ഫാം ടൂറിസത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക, ഫാം തൊഴിലാളികളുടെയും, യുവജനങ്ങളുടെയും തൊഴിലവസരം വർദ്ധിപ്പിയ്ക്കുക, ഫാമിലെ മറ്റു പ്രവർത്തനങ്ങളെ വിപുലീകരിച്ച് സമഗ്രവികസനം ഉറപ്പാക്കുക എന്നീ ലക്ഷ്യം ഉൾപ്പെടുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 10 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ചുവടെ പറയുന്ന ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ക്രമ നം. ഇനം തുക (ലക്ഷത്തിൽ) 1 ഡവലപ്മെന്റ് ഓഫ് ഇന്റഗ്രേറ്റഡ് ഫാമിങ് സിസ്റ്റം 165.00 2 ഹൈടെക് പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവ 100.00 3 പരിശീലന കേന്ദ്രവും ഗസ്റ്റ് ഹൗസും 375.00 4 ചെക്ക് ഡാമിന്റെ നിർമ്മാണം 175.00 5 ചെറുകിട സംസ്കരണ യൂണിറ്റുകൾ 125.00 6 ടോപ്പോഗ്രാഫിക് സർവ്വേ 12.00 7 മറ്റു ചെലവുകളും മേൽനോട്ട ചെലവുകളും ഉൾപ്പെടെ 48.00 ആകെ 1000.00 പ്രസ്തുത പ്രവർത്തികളിൽ ഹൈടെക് സ്ട്രക്ച്ചേഴ്സ്, ചെക്ക് ഡാം, കുളങ്ങൾ, സ്മാൾ സ്കെയിൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, പരിശീലന കേന്ദ്രവും ഗസ്റ്റ് ഹൗസും നിർമ്മിക്കൽ മുതലായവ ഇതിനോടകം തന്നെ ആരംഭിയ്ക്കുകയും 25% ഭൗതിക പുരോഗതി കൈവരിയ്ക്കുകയും ചെയ്തിട്ടുണ്ട്. റീ-ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ 2.35 കോടി രൂപയുടെ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി നടപ്പിലാക്കുന്നുണ്ട്. അതിൽ 2 മത്സ്യ കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, വില്പന ഗാലറികൾ എന്നിവയുടെ വർക്കുകൾ പുരോഗമിക്കുന്നു. കൃത്യത കൃഷി സംവിധാനം സ്ഥാപിക്കൽ, ഹൈ ഡെൻസിറ്റി പഴത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ വർക്കുകൾ നടത്തുന്നതിനുള്ള ആദ്യ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഫാം ടൂറിസത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നിർദ്ദിഷ്ട പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ 50 കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്ടിൽ ഫെസിലിറ്റേഷൻ സെന്റർ, അഗ്രി ട്രേഡ് സെന്റർ, വാക് വേ, പ്രോമിനേഡ്, ഗോൾഡൻ വില്ല, ടെന്റ് ബഡ് വിത്ത് ടോയ് ലറ്റ്, സീറ്റിംഗ് ബഞ്ച് വിത്ത് |

| | | | |
|---|---|---|---|
| | | | പ്ലാന്റർ ബോക്സ്, ഹാർഡ് റെയിൽ, എൻട്രൻസ് ഗെയിറ്റ്, നെയിം ബോർഡ്, ടോയ് ലറ്റ് ബ്ലോക്ക്, എൻട്രസ് പ്ലാസ, കോമ്പൗണ്ട് വാൾ മുതലായവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | ഹൈറേഞ്ചിന്റെ കവാടവും ഏറെ വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്നതുമായ നേര്യമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം വേഗത്തിൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ അനുവദിച്ച 13.53 കോടി രൂപ വിനിയോഗിച്ച് ഫാം ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ നേര്യമംഗലം കൃഷി ഫാമിൽ വേഗത്തിൽ പുരോഗമിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ